LIBRARY ARCHIVES Kerala Legislative Assembly

വിദേശരാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ നഴ്സുമാർ

101 (T4136) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര സംഘർഷങ്ങൾമൂലം വിദേശരാജ്യങ്ങളിൽനിന്ന് മലയാളികളായ എത്ര നഴ്സുമാരും പാരാമെഡിക്കൽ ജോലിചെയ്യുന്നവരും സംസ്ഥാനത്ത് തിരിച്ചെത്തിയെന്ന് വെളിപ്പെടുത്താമോ ;

(ബി) തിരിച്ചെത്തിയ എത്രപേർക്ക് എത്ര രൂപാവീതം ധനസഹായം നൽകിയെന്ന് വിശദമാക്കാമോ ;

(സി) തിരിച്ചെത്തിയ എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആഭ്യന്തരസംഘർഷങ്ങളെത്തുടർന്ന് ജോലി ഉപേക്ഷിച്ച് മടങ്ങിയെത്തിയ കേരളീയർക്കായി നോർക്ക - റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ 2195 പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 1729 പേർ നഴ്സുമാരാണ്. മറ്റുള്ളവരുടെ വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ഇറാഖിൽനിന്നും തിരികെയെത്തിയ ആദ്യബാച്ചിലെ 46 പേർക്ക് 5000 രൂപ വീതവും ലിബിയ, യെമൻ എന്നീ രാജ്യങ്ങളിൽ നിന്നും വന്നവർക്ക് 2000 രൂപ വീതവും ടെയിൻ ടിക്കറ്റ് റീ-ഇംബേഴ്സ് ചെയ്യ നൽകിയ ഇനത്തിലുമായി ധനസഹായം അനുവദിച്ചിരുന്നു. ഇറാഖ്, ലിബിയ, യെമൻ എന്നീ രാജ്യങ്ങളിൽ നിന്നും തിരികെ എത്തിയവർക്കുള്ള ധനസഹായമായി ആകെ 63,19,254 രൂപ ചെലവായിട്ടുണ്ട്.

(സി) ആഭ്യന്തരകലാപ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in -ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരികെ എത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകൈയെടുത്ത് എൻ.എം.സി. ഗ്രൂപ്പിൽ ജോലി ലഭ്യമാക്കിയിരുന്നു. കൂടാതെ അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേരും യു.എ.ഇ.-യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാ രേഖകൾ തയ്യാറാക്കി വരുന്നു. ഇതിന് പുറമെ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.